നൗഷാദ് ചേനപ്പാടി

# നീതിബോധത്തിന്റെ സമുന്നത മാതൃക

حَدَّثَنَا أَبُو هُرَيْرَةَ ، عَنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، فَذَكَرَ أَحَادِيثَ مِنْهَا ، وَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : اشْتَرَى رَجُلٌ مِنْ رَجُلٍ عَقَارًا لَهُ ، فَوَجَدَ الرَّجُلُ الَّذِي اشْتَرَى الْعَقَارَ فِي عَقَارِهِ جَرَّةً فِيهَا ذَهَبٌ ، فَقَالَ لَهُ الَّذِي اشْتَرَى الْعَقَارَ : خُذْ ذَهَبَكَ مِنِّي ، إِنَّمَا اشْتَرَيْتُ مِنْكَ الْأَرْضَ ، وَلَمْ أَبْتَعْ مِنْكَ الذَّهَبَ ، فَقَالَ الَّذِي شَرَى الْأَرْضَ : إِنَّمَا بِعْتُكَ الْأَرْضَ ، وَمَا فِيهَا ، قَالَ : فَتَحَاكَمَا إِلَى رَجُلٍ ، فَقَالَ الَّذِي تَحَاكَمَا إِلَيْهِ : أَلَكُمَا وَلَدٌ ؟ فَقَالَ أَحَدُهُمَا : لِي غُلَامٌ ، وَقَالَ الْآخَرُ لِي جَارِيَةٌ ، قَالَ : أَنْكِحُوا الْغُلَامَ الْجَارِيَةَ ، وَأَنْفِقُوا عَلَى أَنْفُسِهِمَا مِنْهُ وَتَصَدَّقَا ( رواه البخارى : ٣٤٧٢، المسلم : ١٧٢١)

**അബൂഹുറയ്‌റ(റ)യിൽനിന്ന്: നബി (സ) പറഞ്ഞു: ഒരാൾ മറ്റൊരാളിൽനിന്ന് ഒരു സ്ഥലം – പറമ്പ് – വിലയ്ക്കു വാങ്ങി. ഭൂമി വാങ്ങിയവൻ തന്റെ പറമ്പിൽനിന്ന് സ്വർണം നിറച്ച ഒരു കുടം കണ്ടെടുത്തു. അങ്ങനെ സ്ഥലം വാങ്ങിയവൻ തനിക്കത് നൽകിയവനോട് പറഞ്ഞു: 'ഇത് നിന്റെ സ്വർണമാണ്; നീയത് എന്നിൽനിന്ന് സ്വീകരിച്ചാലും. ഞാൻ നിന്നിൽനിന്ന് പറമ്പേ വാങ്ങിയിട്ടുള്ളൂ; സ്വർണം വാങ്ങിയിട്ടില്ല.' അപ്പോൾ വിറ്റവൻ പറഞ്ഞു: 'ഞാൻ നിനക്ക് വിറ്റത് പറമ്പും അതിലുള്ളതും കൂടിയാണ്.' അങ്ങനെ അവർ രണ്ടു പേരും ഒരാളുടെ അടുക്കൽ പ്രശ്നത്തിൽ തീർപ്പുണ്ടാക്കാനായി എത്തി. അപ്പോൾ വിധികർത്താവ് അവരോട് ചോദിച്ചു: 'നിങ്ങൾക്ക് മക്കളുണ്ടോ? 'എനിക്ക് ഒരാൺകുട്ടിയുണ്ട്' – അവരിലൊരാൾ പറഞ്ഞു. 'എനിക്ക് ഒരു പെൺകുട്ടിയുമുണ്ട്' രണ്ടാമൻ പറഞ്ഞു. 'വിധികർത്താവ് പറഞ്ഞു: എന്നാൽ ആ പയ്യന് പെണ്ണിനെ വിവാഹം ചെയ്തുകൊടുക്കുക. സ്വർണത്തിൽനിന്ന് ഒരു വിഹിതം അവരിരുവർക്കും നൽകുക. ബാക്കി നിങ്ങൾ ദാനമായും ചെലവഴിക്കുക' (ബുഖാരി–3472 – മുസ്‌ലിം–1721).**

കഴിഞ്ഞകാല നബിമാരിൽ ആരുടെയെങ്കിലും അനുയായികളാവണം നബി (സ) വിവരിച്ച ഈ സംഭവത്തിലെ കഥാപാത്രങ്ങൾ. നബി (സ)വിവരിച്ചുതരുന്ന കഴിഞ്ഞകാല സംഭവങ്ങൾ യാഥാർഥ്യമായതു തന്നെയാണ്. കാരണം അത് അല്ലാഹുവിൽനിന്നുള്ള അറിയിപ്പിനാൽ പറയുന്നതാണ്. ഒരു കുടം സ്വർണം ഇന്നത്തെ നിരക്കനുസരിച്ച് ലക്ഷങ്ങളോ കോടികളോ വിലമതിക്കുന്നതാവാം. എന്നിട്ടും പറമ്പു വാങ്ങിയവൻ താൻ പറമ്പല്ലേ വാങ്ങിയുള്ളൂ, അതിൽ മറഞ്ഞു കിടന്നിരുന്ന ഒരു കുടം സ്വർണം വാങ്ങിയില്ലല്ലോ, അതിനാൽ അത് തനിക്കു വിറ്റവനുതന്നെ തിരിച്ചുകൊടുക്കണം എന്ന ശക്തമായ ഈമാനിക ബോധവും അതുല്യമായ സത്യസന്ധതയും നീതിബോധവുമാണ് അത് തിരിച്ചുകൊടുക്കാൻ ആ മനുഷ്യനെ പ്രേരിപ്പിക്കുന്നത്. തിരിച്ചുകൊടുത്തില്ലെങ്കിലും ഈ ദുൻയാവിന്റെ മാനദണ്ഡമനുസരിച്ച് അത് ന്യായീകരിക്കപ്പെടാം. എന്നിട്ടും അദ്ദേഹത്തിന്റെ വിശ്വാസപ്രചോദിതമായ ധാർമികത അതിനു സമ്മതിക്കുന്നില്ല. ആ സ്വർണം തിരിച്ചുകൊടുക്കുന്നതുവരെ അദ്ദേഹത്തിന് സ്വസ്ഥനായിരിക്കാൻ സാധിക്കുന്നില്ല. അത് സ്വീകരിക്കാൻ വിറ്റവനും സാധിക്കുന്നില്ല. ഇവിടെ ഒരുപക്ഷേ അത് തിരിച്ചേൽപ്പിക്കുന്നവനേക്കാൾ ഈമാനികബോധത്തിലും ധാർമിക ഔന്നത്യത്തിലും പലപടി ഉയരത്തിലാണ് അത് സ്വീകരിക്കാൻ കൂട്ടാക്കാത്ത വിറ്റവൻ. അദ്ദേഹത്തിനത് വാങ്ങി അനുഭവിക്കാമായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ദൃഢവിശ്വാസവും ആ വിശ്വാസം സാക്ഷാൽക്കരിച്ച ധാർമികതയും സത്യസന്ധതയും നീതിബോധവും അതിനദ്ദേഹത്തിന് തടസ്സമാകുന്നു. ഈമാൻ എന്നതിന്റെ അർഥം 'തസ്ദീഖ്' അഥവാ സത്യപ്പെടുത്തലാണ് എന്ന നിർവചനത്തെ ജീവിതത്തിൽ അനുഭവവേദ്യമാക്കുന്ന വിശ്വാസം.

അല്ലാഹുവിലും പരലോകത്തിലും അന്ത്യപ്രവാചകനിലുമുള്ള ശരിയായ ഈമാൻ മനുഷ്യരെ എവ്വിധമാണ് മനുഷ്യത്വത്തിന്റെ പരകോടിയിലെത്തിക്കുന്നതെന്ന് സ്വഹാബത്തും അവരെ പിന്തുടർന്നവരും നമുക്ക് കാണിച്ചുതന്നു. ഇന്നും അവർ നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്നത് അതുകൊണ്ടാണ്. ഈമാനിനും അതിന്റെ താൽപര്യത്തിനും വേണ്ടി ജീവിക്കുകയും ദുൻയാവിനെ ഹൃദയത്തിൽ കയറ്റിവെക്കാതിരിക്കുകയും ചെയ്തപ്പോഴെല്ലാം മുസ്‌ലിം ഉമ്മത്തിന് ഈ ദുനിയാവിൽ കൈവന്ന നേട്ടങ്ങളും വിജയങ്ങളും അന്തസ്സും ഔന്നത്യവും കഴിഞ്ഞ പതിനാലു നൂറ്റാണ്ടുകളിലെ അവരുടെ ചരിത്രത്തിലുണ്ട്. അതേപോലെ, തങ്ങളുടെ ഈമാനിനെ അവഗണിച്ചും കൈവിട്ടും ജീവിച്ച്, പാവപ്പെട്ടവന്റെ അവകാശങ്ങളെ മറന്ന് ദുൻയാവിന്റെ മോഹങ്ങളിൽ മാത്രം കൂപ്പുകുത്തിയപ്പോൾ അവരനുഭവിക്കേണ്ടിവന്ന തുല്യതയില്ലാത്ത പീഡകൾക്കും രക്തച്ചൊരിച്ചിലിനും അപമാനത്തിനും നിന്ദ്യതക്കുംകൂടി സാക്ഷിയാണ് ചരിത്രം.

ഹദീസിൽ പറഞ്ഞ മഹത്തുക്കളെപ്പോലെതന്നെ മാതൃകാപരമായ ഈമാനിക ജീവിതം കാഴ്ചവെച്ചവരായിരുന്നു സ്വഹാബിമാരും. അവരും ശേഷം ഇന്നോളം ഇതുപോലെ ധാർമിക ഔന്നത്യം കൊണ്ട് ചരിത്രം രചിച്ചവരും അങ്ങനെ മനുഷ്യസമൂഹത്തിന് മാതൃകയായവരും പ്രലോഭനങ്ങളിൽനിന്നും ലൗകിക ബന്ധനങ്ങളിൽനിന്നും മോചിതരായിരുന്നു. ചരിത്രം തന്നെ ഇവ്വിധമുള്ള മനുഷ്യരുടെ ചരിത്രമല്ലേ. ●